# Athmaraksha.org

നൊവേന

## വല്ലാർപാടത്തമ്മയോടുള്ള നൊവേന-Vallarpadathamma



വല്ലാർപാടത്തമ്മയോടുള്ള നൊവേന

പ്രാരംഭഗാനം
സ്രഷ്ടാവാം പാവനാത്മാവേ
മക്കൾതൻ ഹൃത്തിൽ വരേണേ
സൃഷ്ടികളാമിവരിൽ വരേണേ
നിന്റെ ദിവ്യ പ്രസാദം തരേണേ
ദീപങ്ങളാമിന്ദ്രിയങ്ങൾ
നീ തെളിച്ചിടുന്ന നേരം
സ്നേഹത്തിൽ ശീലുകൾ മൂളും ഞങ്ങൾ
ശാന്തിഗീതങ്ങളും പാടും
വഴികാട്ടിയായി നീ വന്നാൽ
ജീവിതവീഥിയിൽ നിന്നാൽ
ശത്രുവിന്നണികൾ തകർക്കാൻ പാരിൽ
ശക്തിയാർജ്ജിച്ചിടും ഞങ്ങൾ
ദൈവപിതാവിനും സുതനും
മൂന്നാമനാകുമങ്ങേയ്ക്കും
സ്തുതിയായിരിക്കട്ടെ എന്നും

വൈദികൻ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
ജനങ്ങൾ: ആമ്മേൻ
വൈദികൻ: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ
ജനങ്ങൾ: സർവ്വേശ്വരന്റെ പരിശുദ്ധമാതാവേ, ഞങ്ങൾക്കുവേണ്ടൺ◌ി അപേക്ഷിക്കണമേ

നമുക്കു പ്രാർത്ഥിക്കാം
സർവ്വശക്തനായ ദൈവമേ, അങ്ങയുടെ ഏകസുതനും ഞങ്ങളുടെ രക്ഷകനുമായ

യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തെ ഞങ്ങളുടെയും അമ്മയായി കുരിശിൻചുവട്ടിൽവച്ചു ഞങ്ങൾക്കു നൽകിയല്ലോ. ഈ അമ്മയുടെ ജീവിത മാതൃക പിന്തുടർന്നുകൊണ്ട് അങ്ങയുടെ സന്നിധിയിൽ എത്തിച്ചേരുവാൻ കൃപ നൽകണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.
ജനങ്ങൾ: ആമ്മേൻ

## അപേക്ഷകൾ കൃതജ്ഞത

## നവനാൾ ജപം

ഓ, വല്ലാർപാടത്തമ്മേ, കാരുണ്യവതിയായ രാജ്ഞീ, വിമോചകനാഥേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മക്കളായ ഞങ്ങൾ ഇതാ അങ്ങയുടെ തൃപ്പാദത്തിങ്കൽ അണഞ്ഞിരിക്കുന്നു. വിനയത്തിന്റെയും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും നിറകുടമായ അമ്മേ, ദൈവാത്മാവിന്റെ പ്രചോദനങ്ങളോട് സഹകരിക്കുവാനും സകലരെയും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും ഞങ്ങൾക്കു വരം നൽകണമേ. ദൈവപുത്രനായ യേശുവിനെ ലോകത്തിനു പ്രദാനംചെയ്ത അമ്മേ, തിരുക്കുമാരന്റെ തിരുഹിതമനുസരിച്ചുകൊണ്ട് യേശുവിന്റെ അത്ഭുതകരമായ സഹായം നേടിക്കൊടുത്ത മദ്ധ്യസ്ഥേ, പാപികളും ദരിദ്രരും ബലഹീനരുമായ ഞങ്ങൾക്കുവേണ്ടി അങ്ങു പ്രാർത്ഥിക്കേണമേ. വിശ്വാസത്തോടും പ്രാർത്ഥനാചൈതന്യത്തോടും സേവനതൽപരതയോടും ത്യാഗമനോഭാവത്തോടും കൂടെ കുടുംബജീവിതം നയിച്ച അമ്മേ, ഞങ്ങളുടെ കുടുംബങ്ങളെ അങ്ങേക്ക് സമർപ്പിക്കുന്നു. കുടുംബാംഗങ്ങളെ സ്നേഹിച്ചും ആദരിച്ചും അംഗീകരിച്ചും പ്രോത്സാഹിപ്പിച്ചും അവരുടെ കഴിവുകൾ വളർത്തിയും കുറവുകൾ നികത്തിയും ഐക്യത്തിലും സന്തോഷത്തിലും ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ദൈവവചനം താൽപര്യപൂർവ്വം ശ്രവിക്കുവാനും സന്തോഷത്തോടെ അനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ,

അപകടസന്നിധിയിൽ ആയിരിക്കുന്നവർക്ക് അഭയമായ വല്ലാർപാടത്തമ്മേ, അങ്ങയുടെ സഹായം യാചിക്കുന്ന സകലരെയും അങ്ങ് കനിവോടെ കടാക്ഷിക്കണമേ. ജലത്തിൽ യാത്ര ചെയ്യുന്നരെയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും അങ്ങ് സംരക്ഷിക്കണമേ. വല്ലാർപാടത്തമ്മേ, അമ്മയുടെ സഹായംതേടി വരുന്ന എല്ലാവരെയും, അങ്ങേയ്ക്ക് അടിമസമർപ്പണം നടത്തുന്ന സകലരെയും ആശീർവദിക്കണമേ. പാപത്തിൽനിന്നും ദുശ്ശീലങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും ദാരിദ്ര്യത്തിൽ നിന്നും അപകടത്തിൽനിന്നും സ്വാർത്ഥതയിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ,സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയുംരാജ്ഞിയായ അമലോത്ഭവമറിയമേ, ആഴമായ വിശ്വാസത്തോടെ അങ്ങേ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്ന എല്ലാ പ്രാർത്ഥനകളും പ്രത്യേകിച്ച് (ആവശ്യം പറയുക) അങ്ങേ ദിവ്യപുത്രനു സമർപ്പിച്ച് അവിടത്തെ അനുഗ്രഹം ഞങ്ങൾക്കു നേടിത്തരണമേ, ഞങ്ങളും അങ്ങയെപ്പോലെ ജീവിച്ച് അങ്ങയോടും സകല വിശുദ്ധൻമാരോടും സകല മാലാഖമാരോടുംകൂടെ സ്വർഗ്ഗീയപിതാവിനെ നിത്യം വാഴ്ത്തി സ്തുതിക്കുവാൻ ഇടയാക്കണമേ. ആമ്മേൻ. 1 സ്വർഗ്ഗ 1 നൻമ 1.ത്രിത്വ

## വിശ്വാസികളുടെ പ്രാർത്ഥന

പ്രിയ സഹോദരരേ, ആവശ്യനേരങ്ങളിലും വേദനയുടെ നിമിഷങ്ങളിലും അഭയമായ വല്ലാർപാടത്തമ്മയുടെസവിശേഷമാധ്യസ്ഥ്യംവഴി നമ്മുടെ യാചനകൾ കാരുണ്യവാനും സ്നേഹപിതാവുമായ ദൈവത്തിന് സമർപ്പിക്കാം.

1. ദൈവമേ, ഞങ്ങളുടെ പരിശുദ്ധപിതാവായ.....പാപ്പായെയും ഞങ്ങളുടെ അഭിവന്ദ്യ മെത്രാപ്പോലീത്താ....പിതാവിനെയും മറ്റെല്ലാ മെത്രാൻമാരെയും വൈദികരെയും സന്യസ്തരെയും അങ്ങേ അരൂപിയാൽ നിറച്ച് ദൈവജനത്തെ നയിക്കുന്നതിന് പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

2. ദൈവമേ, അനീതിയും അക്രമവുംകൊണ്ട് പരസ്പരം കലഹിച്ച് കഴിയുന്ന ജനപദങ്ങളെ സ്നേഹത്തിൽ ഒന്നിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

3. ദൈവമേ, എല്ലാവരും തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കുവാനും തൊഴിൽ രംഗങ്ങളിൽ സൗഹൃദവും സഹകരണമനോഭാവും വളർത്തുവാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

4. ദൈവമേ ഞങ്ങളുടെ കുടുംബങ്ങളിൽ പരസ്പരധാരണയും സ്നേഹവും വിശ്വസ്തതയും വളർത്തി മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കുവാൻ ഇടവരുത്തണമെന്ന് പ്രാർത്ഥിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

5. ദൈവമേ, രോഗങ്ങളാലും മാനസികവ്യഥകളാലും ക്ലേശിക്കുന്ന ഞങ്ങളുടെ സഹോദരങ്ങൾക്ക് അങ്ങ് സാന്ത്വനവും സൗഖ്യവും പകരണമെന്ന് പ്രാർത്ഥിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

6. ദൈവമേ, കര, കടൽ, ആകാശമാർഗ്ഗങ്ങളിൽ യാത്ര ചെയ്യുകയും ജോലിചെയ്യുകയുംചെയ്യുന്ന ഞങ്ങളുടെ സഹോദരങ്ങളെ പരിരക്ഷിക്കണമെന്ന് പ്രാർത്ഥിക്കുന്നു.
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

7. ദൈവമേ, മരണമടഞ്ഞ എല്ലാവരും അങ്ങേ കൃപയാൽ നിത്യസൗഭാഗ്യം അനുഭവിക്കുവാൻ ഇടയാക്കണമെന്നും പ്രാർത്ഥിക്കുന്നു.
കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

മറ്റാവശ്യങ്ങൾക്കായി മൗനമായി പ്രാർത്ഥിക്കാം
കരുണാസ്വരൂപനായ ദൈവമേ, അങ്ങേ മക്കളായ ഞങ്ങൾ വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ അങ്ങേ തിരുക്കുമാരന്റെ യോഗ്യതകളാൽ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ മാധ്യസ്ഥ്യംവഴി ഞങ്ങൾക്ക് തന്നരുളണമേ. ആമ്മേൻ.

നിശ്ശബ്ദമായ പ്രാർത്ഥന
ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കാം 3 ത്രിത്വസ്തുതി

ഗാനം
കരുണയും സ്നേഹവും നിറയുന്നൊരമ്മ
വല്ലാർപാടത്തമ്മേ
നിൻ മുന്നിൽ നിൽക്കുമീ അടിമകൾ ഞങ്ങളിൽ
വരമാരി ചൊരിയണമേ
അമ്മയ്ക്കും കുഞ്ഞിനും കായലിൻ ആഴത്തിൽ
അഭയം നീ നൽകിയല്ലോഅമ്മേ
അഴലിന്റെ കായലിൽ കേഴുന്ന മക്കൾക്ക്
അഭയമായി കായലിൽ കേഴുന്ന മക്കൾക്ക്
ദൈവകുമാരന് മാതാവായ്ത്തീർന്ന നീ
നേർവഴി കാട്ടിടേണേഅമ്മേ
ഞങ്ങളും നിൻദിവ്യസൂനുവോടൊന്നിക്കാൻ

നൽവരം നൽകേണമേ. കരുണയും.....

സുവിശേഷ വായന :
പ്രസംഗം :

രോഗികൾക്കായുള്ള പ്രാർത്ഥന
വൈദികൻ: നമ്മുടെ സഹായം കർത്താവിന്റെ നാമത്തിൽ
ജനങ്ങൾ: ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിൽ
വൈദികൻ: കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ
ജനങ്ങൾ: എന്റെ നിലവിളി അങ്ങെ പക്കൽ എത്തുകയും ചെയ്യട്ടെ
വൈദികൻ: കർത്താവ് നിങ്ങളോടുകൂടെ
ജനങ്ങൾ: അങ്ങയോടും കൂടെ

സർവ്വശക്തനുംകാരുണ്യവാനുമായ ദൈവമേ, ഞങ്ങളുടെയും ഞങ്ങളുടെ സഹോദരരുടെയും ശാരീരികവും മാനസികവുമായ സർവവിധ രോഗങ്ങളും കുറവുകളും അവ മൂലമുണ്ടാകുന്ന വേദനകളും നഷ്ടങ്ങളും അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. സഹനത്തിന്റെ രക്ഷാകരമൂല്യം മനസ്സിലാക്കുവാനും അങ്ങേ ദിവ്യപുത്രന്റെ കരസ്പർശനത്താൽ ഞങ്ങൾ അതിവേഗം സുഖംപ്രാപിച്ച് ജീവിതകർത്തവ്യങ്ങൾ നിറവേറ്റുവാനും അങ്ങ് ഞങ്ങളെ സഹായിക്കണമേ. ഈ അനുഗ്രഹങ്ങൾ അങ്ങേ വത്സലപുത്രന്റെ മാതാവും ഞങ്ങളുടെ മധ്യസ്ഥയുമായ വല്ലാർപാടത്തമ്മ വഴി ഞങ്ങൾക്കു നൽകണമേ.
ജനങ്ങൾ: ആമ്മേൻ

ആശിർവാദം
പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന കർത്താവീശോമിശിഹാ നിങ്ങളെ സംരക്ഷിക്കുവാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളെ ശക്തരാക്കുവാൻ നിങ്ങളിൽ സന്നിധിചെയ്യട്ടെ.നിങ്ങളുടെ വഴികാട്ടിയായി നിങ്ങളുടെ മുന്നിലും നിങ്ങളുടെ കാവൽക്കാരനായി നിങ്ങളുടെ പിന്നിലും നിങ്ങളെ അനുഗ്രഹിക്കുവാനായി നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ മേൽ ഇറങ്ങുകയും നിങ്ങളിൽ നിത്യം നിലനിൽക്കുകയും ചെയ്യട്ടെ. ആമ്മേൻ

തീർത്ഥം തളിക്കുന്നു
ഗാനം
ദൈവകുമാരനു മാതാവാകാൻ
സമ്മതമരുളീ മറിയം
മനുജകുലത്തിനു മോചനമേകാൻ
സഹരക്ഷകയായ് മറിയം
സഹരക്ഷകയായ് മറിയം
വല്ലാർപാടത്തമ്മേ
വല്ലഭമുള്ളോരമ്മേ
വല്ലായ്മയെല്ലാം നീക്കണേ
എല്ലാദു:ഖവും മാറ്റണേ

ജീവിതമലകടലാകുമ്പോൾ
ഭീതിയകറ്റും മറിയം
സന്തോഷത്തിൻ തീരംകാട്ടും
ശാന്തിയണയ്ക്കും മറിയം

പരി.കുർബാനയുടെ ആശിർവാദം

മോക്ഷകവാടം തുറക്കും
രക്ഷാകരം ഓസ്തിയേ
ശത്രുവിന്നണികൾ തകർക്കാൻ
ശക്തിയും തുണയും തരേണം

ത്രിതൈ്വക ദൈവത്തിനെന്നും
സ്തോത്രമുണ്ടായിടേണം
സ്വർഗത്തിലങ്ങേ വണങ്ങാൻ
ഞങ്ങൾക്ക് കൃപ നൽകിടേണം, ആമ്മേൻ

സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകുമൊരപ്പം നീ
മർത്യനു മുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ

മാനവരേ മോദമോടെ
നാഥനെ വാഴ്ത്തിപ്പാടിടുവാൻ
ദൈവത്തിൻ പരിപാവനമാം
സന്നിധി ചേർന്നു വണങ്ങിടുവിൻ (2) സ്വ.....
ദിവ്യശരീരം മാനവനായ്
നൽകിയ നാഥനെ വാഴ്ത്തിടുവിൻ
ദിവ്യനിണത്താൽ പാപികളെ
നേടിയനാഥനെ വാഴ്ത്തിടുവിൻ (2) സ്വ.....

പുരോ: പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽ നിന്നും
മർത്യനു നീ മോചനമേകി

ജനം: സകലേശാ ദിവ്യകടാക്ഷം
തുകണമേ വൽസലസുതരിൽ
നിർമ്മലരായ് ജീവിച്ചിടുവാൻ
ചിന്തണമേ ദിവ്യ വരങ്ങൾ

ഭക്ത്യാ വണങ്ങുക
ഭക്ത്യാ വണങ്ങുക സാഷ്ടാംഗം വീണു നാം
ഏറ്റം മഹത്താമീ കൂദാശയെ

നവ്യ നിയമത്തിൽ കർമ്മങ്ങൾ വന്നല്ലോ
പൂർവ്വികം സാദരം മാറി നിൽപ്പൂ
ഇന്ദ്രിയങ്ങൾക്കെഴും പോരായ്മയൊക്കെയും
തീർക്കുക വിശ്വാസ ദിവ്യദീപ്തി
ദൈവപിതാവിനും തന്നേകജാതനും
സ്തോത്രമുണ്ടാകണം നിത്യകാലം
സ്വസ്തിയും കീർത്തിയും ശക്തിയുമാർന്നെന്നും
വാഴുക ത്രിതൈ്വകദൈവം, ആമ്മേൻ
വാക്യം: സ്വർഗ്ഗത്തിൽ നിന്നവർക്കപ്പമേകിയല്ലോ
പ്രതിവാക്യം: എല്ലാ സ്വാദും തികഞ്ഞൊരപ്പമേകിയല്ലോ

## നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, അങ്ങയുടെ പീഡാനുഭവത്തിന്റെ സ്മാരകമായി വിസ്മയാവഹമായ ഈ കൂദാശ ഞങ്ങൾക്കു നൽകിയല്ലോ. അങ്ങയുടെ പരിത്രാണത്തിൻഫലം ഞങ്ങൾ നിരന്തരം അനുഭവിക്കുമാറ് അങ്ങയുടെ തിരുശരീരത്തിന്റെയും, തിരുരക്തത്തിന്റെയും ദിവ്യരഹസ്യങ്ങൾ എന്നും വണങ്ങുവാൻ അനുഗ്രഹം അരുളണമേ എന്ന്, നിത്യമായി ജീവിച്ചുവാഴുന്ന അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

## ദിവ്യസ്തുതികൾ

ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ
അവിടത്തെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ
സത്യദൈവവും സത്യമനുഷ്യനുമാകുന്ന
ഈശോമിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ
ഈശോയുടെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ
ഈശോയുടെ ഏറ്റവും പരിശുദ്ധമായ
ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ
അവിടത്തെ ഏറ്റവും വിലയേറിയ രക്തം വാഴ്ത്തപ്പെട്ടതാകട്ടെ
അൾത്താരയിൽ ഏറ്റവും പരിശുദ്ധമായ
കുദാശയിൽ ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ
ആശ്വാസപ്രദമായ പരിശുദ്ധാത്മാവ് വാഴ്ത്തപ്പെട്ടവനാകട്ടെ
ദൈവത്തിന്റെ മഹത്വമേറിയ മാതാവും ഏറ്റവും
പരിശുദ്ധയുമായ മറിയം വാഴ്ത്തപ്പെട്ടവളാകട്ടെ.
അവിടുത്തെ മഹത്തായ സ്വർഗ്ഗാരോപണം വാഴ്ത്തപ്പെട്ടതാകട്ടെ.
കന്യകയും മാതാവുമായ മറിയത്തിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ.
അവിടത്തെ ഏറ്റവും വിരക്തനായ ഭർത്താവ്
വിശുദ്ധ യൗസേഫ് വാഴ്ത്തപ്പെട്ടവനാകട്ടെ.
ദൈവം തന്റെ മാലാഖമാരിലും തന്റെ
വിശുദ്ധരിലും വാഴ്ത്തപ്പെട്ടവനാകട്ടെ.

## ഉപസംഹാരഗാനം

നന്മനിറഞ്ഞ കന്യാമറിയം
വരദാനങ്ങൾ ചൊരിയും
അനുഗ്രഹഗ്രാമം വല്ലാർപാടം
സുകൃതം വിരിയും തിരുനിലയം

ജയ ജയ രക്ഷക ജനനീ
ജയ ജയ നരകുലതായേ
ജയ ജയ വാനവാറാണി ജയ ജയ
വല്ലാർപാടത്തമ്മേ

വിശ്വാസത്തിൻ പൊൻ നാളങ്ങൾ
മങ്ങാതെന്നും ഞങ്ങളിലമ്മേ
തെളിഞ്ഞു നിൽക്കാൻ കൃപയേകണമേ
വരദായിനിയാം അമ്മേ
ജയ ജയ.....

സ്നേഹത്തിൻ തിരുവഴികളിലൂടെ
സ്വർഗ്ഗം ചേരാൻ കനിയണമേ
ആകുലമാനസരായവർ ഞങ്ങൾ
ക്കഭയം നൽകുന്നമ്മേ

ജയ ജയ രക്ഷക ജനനീ
ജയ ജയ നരകുലതായേ
ജയ ജയ വാനവാറാണി ജയ ജയ
വല്ലാർപാടത്തമ്മേ